CMY

21
നവംബർ 2020
ശനി
1196 വൃശ്ചികം 6 1442 റ ആഖിർ 5

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 27 •ലക്കം 226 •പേജ് 4 •വില: 5 രൂപ



സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട് – ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം – കാസർകോട് – എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക

BANGALORE (Shayda Marg.) Kohinoor Behind Sagar Talkies, Ghandhi Nagar,Bangalore 080 2287 7199
KASARAGOD Kohinoor (Safar) Travels New Bus Stand. Ph: 04994- 223952, 230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി


## ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീ വീട്ടിനകത്ത് തൂങ്ങി മരിച്ച നിലയിൽ

ബേഡകം: തനിച്ച് താമസിക്കുന്ന സ്ത്രീയെ വീട്ടിനകത്ത് ദുരൂഹ സാഹചര്യത്തിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ജനറൽ ആശുപത്രിയിൽ എത്തിച്ച മൃതദേഹം പരിശോധിച്ച ഡോക്ടർ സംശയം പ്രകടിപ്പിച്ചതിനെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് വിദഗ്ദ്ധ പോസ്റ്റുമോർട്ടത്തിനായി കൊണ്ടുപോയി. പള്ളത്തുങ്കാൽ, പയ്യങ്ങാനം കോളനിയിലെ ചേരിപ്പാടിയുടെ ഭാര്യ കൈമച്ചി (66)യാണ് മരിച്ചത്. അടച്ചുറപ്പില്ലാത്ത വീട്ടിനകത്ത് ഇന്നലെ രാവിലെയാണ് കൈമച്ചിയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. വീടിന്റെ ഹാളിനകത്താണ് മൃതദേഹം കാണപ്പെട്ടത് ജനറൽ ആശുപത്രിയിൽ എത്തിച്ചപ്പോൾ രക്തസ്രാവം കാണപ്പെട്ടതാണ് മരണത്തിൽ സംശയം ഉണ്ടാകാൻ ഇടയാക്കിയത്. വിശദമായ പോസ്റ്റുമോർട്ടത്തിന് ശേഷം മാത്രമെ രക്തസ്രാവം ഉണ്ടായതിന്റെ കാരണം കണ്ടെത്താൻ കഴിയുകയുള്ളൂവെന്ന് പൊലീസ് വ്യക്തമാക്കി.

### അമിത്ഷാ ചെന്നൈയിൽ

ചെന്നൈ: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ചെന്നൈയിൽ. എം ജി ആർ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തുന്ന അദ്ദേഹം സംസ്ഥാനത്തെ നിരവധി വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ഇന്നും നാളെയും സംസ്ഥാനത്ത് തുടരുന്ന അദ്ദേഹം നിർണ്ണായകമായ പല രാഷ്ട്രീയ കൂടിക്കാഴ്ചകളും നടത്തുമെന്നാണ് സൂചന.ഇതിനിടയിൽ കരുണാനിധിയുടെ പുത്രൻ എം കെ അഴഗിരിയുടെ അടുത്ത അനുയായിയും മുൻ ഡി എം കെ എം പിയുമായ കെ പി രാമലിംഗം ബി ജെ പിയിൽ ചേർന്നു

### ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

## പൂക്കോയ തങ്ങൾക്കായി തിരച്ചിൽ ഊർജ്ജിതം; പ്രത്യേക സംഘം കർണ്ണാടകയിലേക്ക്

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പു കേസിലെ മുഖ്യപ്രതി ചന്തേരയിലെ ടി കെ പൂക്കോയ തങ്ങൾക്കായി സ്പെഷ്യൽ സ്ക്വാഡ് അന്വേഷണം ഊർജ്ജിതമാക്കി.


ജ്വല്ലറി നിക്ഷേപ തട്ടിപ്പ്: പൂക്കോയ തങ്ങളെ പിടികൂടാൻ പ്രത്യേക സ്ക്വാഡ്

രണ്ടാഴ്ച്ചയിലധികമായി ഒളിവിൽ പോയ തങ്ങളെ കണ്ടെത്താൻ കഴിയാതെ വന്നതോടെയാണ് ജില്ലാ പൊലീസ് മേധാവി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചത്. കാസർകോട്, ചന്തേര, അമ്പലത്തറ പൊലീസ് സ്റ്റേഷനുകളിലെ പൊലീസ് ഉദ്യോഗസ്ഥർ അടങ്ങിയ സംഘത്തിനു വിവേക് കുമാർ ഐ പി എസ് ആണ് മേൽനോട്ടം വഹിക്കുന്നത്.ജ്വല്ലറി മാനേജിംഗ് ഡയറക്ടറായ ടി കെ പൂക്കോയ തങ്ങളാണ് നിക്ഷേപ തട്ടിപ്പ് കേസിലെ മുഖ്യപ്രതി. കേസിൽ എം സി ഖമറുദ്ദീൻ എം എൽ എയെ അറസ്റ്റ് ചെയ്തതിനു പിന്നാലെയാണ് തങ്ങൾ തന്ത്രപൂർവ്വം ഒളിവിൽ പോയത്. ഇയാളെ തേടി പൊലീസ് ചന്തേരയിലെ വീട്ടിൽ റെയ്ഡ് നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ഇളയ മകനെയും കൂട്ടി വടകരയിലേയ്ക്കു പോകുന്നുവെന്നു പറഞ്ഞാണ് ഇറങ്ങിയതെന്നാണ് വീട്ടുകാർ പൊലീസിനോട് പറഞ്ഞത്. പ്രതിയെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായി സൈബർ സെല്ലിന്റെ സഹായം തേടിയിരുന്നുവെങ്കിലും ഫലം ഉണ്ടായില്ല. തുടർന്നാണ് പ്രതിയെ കണ്ടെത്താൻ പ്രത്യേക അന്വേഷണ സംഘത്തിനു രൂപം നൽകിയത്. ടി കെ പൂക്കോയ തങ്ങളുടെ മകൻ ഇഷാം കേസിലെ മറ്റൊരു പ്രതിയാണ്. ഇയാൾ ഗൾഫിലേയ്ക്ക് കടന്നതായാണ് സൂചന.

**ബാർ കോഴ: പ്രതിപക്ഷ നേതാവിനും രണ്ടുമന്ത്രിമാർക്കും എതിരെ വിജിലൻസ് അന്വേഷണത്തിന് അനുമതി ♦ രണ്ടുമന്ത്രിമാർക്ക് മഹാരാഷ്ട്രയിൽ 200 ഏക്കർ ബിനാമി ഭൂമി ♦ മുഖ്യമന്ത്രിയുടെ അഡീ.പ്രൈവറ്റ് സെക്രട്ടറിക്ക് വീണ്ടും ഇ ഡി നോട്ടീസ്**

# സംസ്ഥാന രാഷ്ട്രീയം കലങ്ങി മറിയുന്നു; പ്രതിപക്ഷവും സർക്കാരും നേർക്കുനേർ

തിരു: ബാർകോഴ, മന്ത്രിമാരുടെ ബിനാമി ഭൂമി, സ്വർണ്ണക്കടത്ത്; ഭരണ- പ്രതിപക്ഷ പോരിനും എൻഫോഴ്സ്മെന്റ് നീക്കത്തിനും ഇടയിൽ സംസ്ഥാന രാഷ്ട്രീയം വീണ്ടും കലങ്ങി മറിയുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് രംഗം സജീവമാകുന്നതോടെ ആരോപണ കോലാഹലങ്ങളും അതിന്റെ പ്രത്യാഘാതങ്ങളും ഏതു കോണിലേയ്ക്ക് നീളുമെന്ന് ഉറ്റുനോക്കുകയാണ് രാഷ്ട്രീയ പാർട്ടികളും പ്രവർത്തകരും.

ബാറുടമ ബിജു രമേശിന്റെ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് രമേഷ് ചെന്നിത്തല, മുൻമന്ത്രിമാരായ വി എസ് ശിവകുമാർ, കെ ബാബു എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണത്തിനു മുഖ്യമന്ത്രി അനുമതി നൽകി. കഴിഞ്ഞ യു ഡി എഫ് സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന 418 ബാറുകൾ തുറക്കാനുള്ള അനുമതിക്കായി മുൻമന്ത്രി കെ ബാബുവിന്റെ നിർദ്ദേശ പ്രകാരം ബാറുടമകളിൽ നിന്നു 10 കോടി രൂപ പിരിച്ചെടുത്തെന്നും ഒരു കോടി രൂപ ചെന്നിത്തലയ്ക്കും 50 ലക്ഷം കെ ബാബുവിനും 25 ലക്ഷം രൂപ വി എസ് ശിവകുമാറിനും കൈമാറിയെന്നുമായിരുന്നു ബിജു രമേശിന്റെ വെളിപ്പെടുത്തൽ. ഇതു സംബന്ധിച്ച് രഹസ്യാന്വേഷണം നടത്തി പ്രാഥമികാന്വേഷണത്തിനു അനുമതി തേടി കേസ് ഫയൽ വിജിലൻസ് സർക്കാറിനു നൽകിയിരുന്നു. ഇതിലാണ് മുഖ്യമന്ത്രി അന്വേഷണ അനുമതി നൽകിയത്. എന്നാൽ ഗവർണ്ണർ ഫയലിൽ ഒപ്പു വച്ചിട്ടില്ല. അന്വേഷണത്തിനു അനുമതി നൽകിയത് പ്രതിപക്ഷത്തോടുള്ള പ്രതികാര നടപടിയാണെന്നു കെ പി സി സി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ പ്രതികരിച്ചു. ഇതിനെ നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി എം രവീന്ദ്രനു ചോദ്യം ചെയ്യലിനു ഹാജരാകാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് വീണ്ടും നോട്ടീസ് നൽകി. സ്വർണ്ണക്കടത്തു കേസുമായി ബന്ധപ്പെട്ട് രവീന്ദ്രനെ ചോദ്യം ചെയ്യാൻ നേരത്തെ നോട്ടീസ് നൽകിയിരുന്നു. എന്നാൽ കോവിഡ് ബാധിതനായിരുന്നതിനാൽ ചോദ്യം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം ആശുപത്രി വിട്ടതിനു പിന്നാലെയാണ് വീണ്ടും നോട്ടീസ് നൽകിയത്.

അതേസമയം രണ്ടു പ്രമുഖ നേതാക്കൾക്ക് മഹാരാഷ്ട്രയിൽ 200 ഏക്കർ ബിനാമി ഭൂമിയുണ്ടെന്ന ആരോപണം ഭരണപക്ഷത്തെ സമ്മർദ്ദത്തിലാക്കുന്നു. സംഭവത്തെ കുറിച്ച് വിശദമായി അന്വേഷിക്കണമെന്നു കെ പി സി സി പ്രസി. മുല്ലപ്പള്ളി രാമചന്ദ്രൻ ആവശ്യപ്പെട്ടു. സി പി എമ്മിന്റെ രണ്ടു മന്ത്രിമാർ ഭൂമി സ്വന്തമാക്കിയെന്നാണ് ആരോപണം. ഇതു സംബന്ധിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഈ വിഷയം പ്രതിപക്ഷവും ബി ജെ പിയും ഏറ്റെടുക്കുന്നതോടെ സംസ്ഥാന രാഷ്ട്രീയത്തിൽ വലിയ കോളിളക്കങ്ങൾക്ക് ഇടയാക്കും.ചുരുക്കത്തിൽ ഓരോ ദിവസവും ഓരോ വിഷയത്തിന്റെ പേരിൽ സംസ്ഥാന രാഷ്ട്രീയം കലങ്ങി മറിയുകയാണ്.

## ഭർത്താവിനെയും മാതാപിതാക്കളെയും വെടിവെച്ചുകൊന്ന മരുമകൾ അറസ്റ്റിൽ

ചെന്നൈ: ഭർത്താവിനെയും ഭർതൃമാതാപിതാക്കളെയും വെടിവെച്ചു കൊന്നകേസിൽ മരുമകൾ അറസ്റ്റിൽ. മുംബൈ, പൂനെ സ്വദേശി ജയമാല, ഇവരുടെ സഹോദരനും അഭിഭാഷകനുമായ വികാസ് എന്നിവരാണ് അറസ്റ്റിലായത്. ആഗ്രയിലെ ഒളിവു കേന്ദ്രത്തിൽ വച്ചാണ് അറസ്റ്റു ചെയ്തത്. ഇവരുടെ കൈയിൽ നിന്നു ലൈസൻസുള്ള രണ്ടു തോക്കുകളും കണ്ടെടുത്തു. ചെന്നൈ സർക്കാർപ്പേട്ടിൽ താമസക്കാരും രാജസ്ഥാൻ സ്വദേശിയും ധനകാര്യസ്ഥാപന ഉടമയുമായ ദലിചന്ദ് (74), ഭാര്യ പുഷ്പഭായ് (70), മകൻ ശീതൾ (42) എന്നിവർ ഈ മാസം 11നാണ് വെടിയേറ്റ് മരിച്ചത്. ദാമ്പത്യ പ്രശ്നങ്ങളെ തുടർന്ന് ശീതളും ജയമാലയും വിവാഹ മോചനക്കേസിൽ നിലവിലുണ്ട്. അഞ്ചു കോടി രൂപ നഷ്ടപരിഹാരമായി നൽകണമെന്നാണ് ജയമാലയുടെ ആവശ്യം. പിന്നീട് ജീവനാംശ പ്രശ്നം പറഞ്ഞു തീർക്കാനായി ജയമാലയും രണ്ട് സഹോദരന്മാരും ഉൾപ്പെടുന്ന സംഘം ശീതളിന്റെ വീട്ടിൽ എത്തിയിരുന്നു. ശീതളിന്റെ മാനസിക വൈകല്യം മറച്ചു വച്ചാണ് ജയമാലയെ വിവാഹം കഴിച്ചതെന്നാണ് ആരോപണം. ഇതാണ് കൂട്ടക്കൊലയ്ക്ക് കാരണമായതെന്നു സംശയിക്കുന്നു.

## തീ പൊള്ളലേറ്റ യുവതി മരിച്ചു; പൊലീസ് അന്വേഷണം തുടങ്ങി



ഉദുമ: ഭർതൃമതി ദേഹത്ത് തീ കൊളുത്തി മരിച്ച സംഭവത്തിൽ ബേക്കൽ പൊലീസ് കേസെടുത്തു അന്വേഷണം തുടങ്ങി. ഉദുമ, കൊക്കാലിലെ കനീഷിന്റെ ഭാര്യ കെ എം രജിഷ(27)ഇന്നലെ രാവിലെയാണ് മംഗ്ളൂരുവിലെ ആശുപത്രിയിൽ മരിച്ചത്.ഈ മാസം 15ന് പെരിയ,കൂടാനത്തെ സ്വന്തം വീട്ടിൽ വച്ചാണ് രജിഷയ്ക്ക് തീപൊള്ളലേറ്റത്. ഗുരുതരമായി പൊള്ളലേറ്റ് മംഗ്ളൂരുവിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. യുവതിയുടെ മൊഴിയെടുക്കാൻ പൊലീസ് സംഘം ആശുപത്രിയിൽ എത്തിയിരുന്നുവെങ്കിലും അത്യാഹിത വിഭാഗത്തിൽ ആയിരുന്നതിനാൽ ദൗത്യം പൂർത്തിയാക്കാനാകാതെ മടങ്ങുകയായിരുന്നു.ഭർത്താവ് കനീഷ് ഗൾഫിലായിരുന്നു. ഭാര്യയ്ക്കു പൊള്ളലേറ്റ വിവരമറിഞ്ഞാണ് നാട്ടിൽ എത്തിയത്. യുവതി ആത്മഹത്യ ചെയ്യാനുള്ള കാരണങ്ങൾ എന്താണെന്നു വ്യക്തമായിട്ടില്ലെന്നും അന്വേഷണം ആരംഭിച്ചതായും പൊലീസ് പറഞ്ഞു.കൂടാനത്തെ കെ എം ചന്ദ്രൻ-രുഗ്മിണി ദമ്പതികളുടെ മകളാണ് രജിഷ. ഏകമകൾ: അമേയ.സഹോദരങ്ങൾ: കെ എം രാഗേഷ്, ഉണ്ണിമായ.

## മാതാവിനു പിന്നാലെ നവജാത ശിശുവും മരിച്ചു

ബേക്കൽ: പ്രസവത്തെ തുടർന്ന് മരിച്ച യുവതിയുടെ നവജാത ശിശുവും മരിച്ചു. മേൽപ്പറമ്പ് പള്ളിപ്പുറത്തെ ഗണേഷിന്റെ കുഞ്ഞാണ് ഇന്നു രാവിലെ മംഗ്ളൂരുവിലെ ആശുപത്രിയിൽ മരിച്ചത്. ഭാര്യ:നീഷ്മ(20) ഈ മാസം അഞ്ചിനു പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ് ഐ സി യു വിൽ കഴിയുന്നതിനിടെ കാഞ്ഞങ്ങാട്ടെ സ്വകാര്യ ആശുപത്രിയിൽ മരിച്ചിരുന്നു. ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത കുഞ്ഞ് മംഗ്ളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

### തറവാട് മൂപ്പൻ നെഞ്ചുവേദനയെ തുടർന്ന് മരിച്ചു



അഡൂർ: തറവാട് മൂപ്പൻ നെഞ്ചുവേദനയെ തുടർന്ന് മരിച്ചു. പേരാൽ കണ്ണൂർ, കോരിത്തല തറവാട് മൂപ്പൻ അഡൂർ, മയ്യളയിലെ ഭട്ട്യപ്പ പൂജാരി (74)യാണ് മരിച്ചത്. ഭാര്യ: പരേതയായ ഭാഗ്യലക്ഷ്മി. മക്കൾ: ശൈലജ, ഹരീഷ്, ഗിരീഷ്. മരുമക്കൾ: ശിവ കരുണ, പ്രമീള. സഹോദരങ്ങൾ: കുശലപ്പ, ശിവപ്പ, നാരായണ, ലക്ഷ്മി, ഉമാവതി, വേദാവതി, ചന്ദ്രാവതി.

### പഞ്ചായത്ത് തിര. യു ഡി എഫ് പ്രകടനപത്രിക പ്രകാശനം ചെയ്തു

തിരു: പഞ്ചായത്തു തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള യുഡി എഫ് പ്രകടന പത്രിക കെ പി സി സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പ്രകാശനം ചെയ്തു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മുന്നണി കൺവീനർ എം എം ഹസൻ ചടങ്ങിൽ പങ്കെടുത്തു.

### സ്വർണ്ണവിലയിൽ വർധന

കൊച്ചി: സ്വർണ്ണവിലയിൽ ഇന്ന് 160 രൂപ വർധിച്ചു. പവന്റെ ഇന്നത്തെ വില 37,680 രൂപയാണ്. ഗ്രാമിനു വില 4710 രൂപ.

### അന്തുക്ക



## അബോധാവസ്ഥയിൽ കാണപ്പെട്ട സോഡ ഫാക്ടറി ഉടമ ഒടുവിൽ മരണത്തിന് കീഴടങ്ങി



കാഞ്ഞങ്ങാട്: നിർത്തിയിട്ട ബസിനും വാനിനും ഇടയിൽ സ്കൂട്ടറിന് അടിയിൽ അകപ്പെട്ട കാലുമായി അബോധാവസ്ഥയിൽ കാണപ്പെട്ട സോഡാ കമ്പനി ഉടമ മരിച്ചു. അജാനൂർ ഇട്ടമ്മൽ പുളിക്കാലിലെ റോയൽ സോഡാ കമ്പനി ഉടമ കരുണാകരൻ (54) ആണ് ഇന്നലെ രാത്രി അതിഞ്ഞാലിലെ സ്വകാര്യ ആശുപത്രിയിൽ മരണത്തിന് കീഴടങ്ങിയത്. ഇന്നലെ പുലർച്ചെ പ്രഭാത സവാരിക്കിറങ്ങിയവരാണ് കരുണാകരനെ കാഞ്ഞങ്ങാട് ടൗൺ ഹാളിന് സമീപത്ത് നിർത്തിയിട്ടിരുന്ന വാഹനങ്ങൾക്കിടയിൽ കണ്ടത്. പ്രഭാത സവാരിക്കിറങ്ങിയവർ ഞെരക്കം കേട്ടു നോക്കിയപ്പോഴാണ് ഇരു ചക്ര വാഹനത്തിന് അടിയിൽ കാൽ അകപ്പെട്ട നിലയിൽ കരുണാകരനെ കണ്ടത്. വിവരമറിഞ്ഞ് തൊട്ടടുത്ത് തന്നെയുള്ള ഫയർ സ്റ്റേഷനിൽ നിന്നു അഗ്നി ശമന സേനയെത്തി പ്രഥമ ശുശ്രൂഷ നൽകി ആശുപത്രിയിലേക്ക് മാറ്റി. നില ഗുരുതരമാണെന്ന് വ്യക്തമായപ്പോൾ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. തലയ്ക്കകത്തു രക്തം കട്ടപിടിച്ചതായി പരിശോധനയിൽ വ്യക്തമായതോടെ മംഗ്ളൂരുവിലെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. ഡോക്ടർമാർ കിണഞ്ഞു പരിശ്രമിച്ചിട്ടും കരുണാകരനെ സ്വബോധാവസ്ഥയിലേയ്ക്ക് കൊണ്ടുവരാൻ കഴിയാതെ വന്നതോടെ കൈയൊഴിഞ്ഞു.

തുടർന്ന് തിരികെ നാട്ടിലേയ്ക്ക് കൊണ്ടുവന്ന് അതിഞ്ഞാലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവിടെ വെച്ച് പുലർച്ചെ 12.45 മണിയോടെയായിരുന്നു മരണം. സോഡ വിതരണം ചെയ്തതിന്റെ കലക്ഷൻ തുക എടുക്കാനാണെന്നു പറഞ്ഞ് മിനിഞ്ഞാന്നാണ് കരുണാകരൻ ഇരുചക്ര വാഹനവുമായി വീട്ടിൽ നിന്ന് ഇറങ്ങിയത്. രാത്രിയായിട്ടും തിരിച്ചെത്തിയില്ല. വീട്ടുകാർ മൊബൈൽ ഫോണിൽ വിളിച്ചുവെങ്കിലും ഫോണെടുത്തില്ല. വിവരം അറിഞ്ഞ് സുഹൃത്തുക്കളും മറ്റും നിരന്തരം വിളിച്ചുവെങ്കിലും അറ്റന്റ് ചെയ്തില്ല. അന്വേഷണം തുടരുന്നതിനിടയിലാണ് കരുണാകരനെ ഇന്നലെ പുലർച്ചെ അബോധാവസ്ഥയിൽ കാണപ്പെട്ടത്. കരുണാകരന്റെ ഫോണിൽ 140 മിസ്കോളുകളാണ് ഉണ്ടായിരുന്നത്.

പുളിക്കാലിലെ പരേതനായ പൊക്കന്റെയും കമ്മാടത്തുവിന്റെയും മകനാണ്. ഭാര്യ ബിന്ദു പൊയ്യക്കര. ഒന്നര വയസുള്ള ഇഷാൻ ഏക മകനാണ്. സഹോദരൻ: കൊട്ടൻ കുഞ്ഞി.



രൂക്ഷമായിക്കൊണ്ടിരിക്കുന്ന വേനലിൽ കുളിർമഴയുമായെത്തിയ വത്തക്ക. അടുത്ത ദിവസങ്ങളിൽ ജില്ലയിൽ വത്തക്ക വ്യാപാരം ശക്തമായിട്ടുണ്ട്.

## യുവാവിനെ തട്ടിക്കൊണ്ടുപോയ സംഘം അറസ്റ്റിൽ

വടകര: മൈസൂരുവിൽ വിലാപള്ളി സ്വദേശിയായ യുവാവിനെ തട്ടിക്കൊണ്ട് പോയി അരലക്ഷം രൂപ തട്ടിയെടുത്ത മലയാളി സംഘം അറസ്റ്റിൽ. പാലക്കാട് മണ്ണാർക്കാട് മുഹമ്മദ് സമീർ (40), കണ്ണൂർ കീഴ്മാടം ആലയി അഷ്റഫ് (40), വീരാജ്പേട്ടയിൽ താമസിക്കുന്ന കണ്ണൂർ സ്വദേശി തുണ്ടക്കാച്ചി ഉനൈസ് (23) എന്നിവരാണ് അറസ്റ്റിലായത്. വിലാപള്ളി താഴക്കുനി സ്വദേശിയായ സുധീഷിനെ മൈസൂർ ബസ് സ്റ്റാന്റിൽ വച്ച് തട്ടിക്കൊണ്ട് പോയി എന്നാണ് വടകര പൊലീസ് രജിസ്റ്റർ ചെയ്ത കേസ്.

### ബി രാമചന്ദ്ര അന്തരിച്ചു



ബേക്കൽ: പള്ളിക്കരയിലെ ആഞ്ജനേയ ടാക്കീസ് ഉടമയും മുതിർന്ന കോൺഗ്രസ് നേതാവുമായ പള്ളിക്കര പെട്രോൾ പമ്പിനു മുൻവശത്തെ ബി രാമചന്ദ്ര എന്ന ആഞ്ജനേയ സ്വാമി (95) അന്തരിച്ചു. ഇന്നു രാവിലെ കോട്ടച്ചേരി, കുന്നുമ്മലിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.1980ൽ ആരംഭിച്ച ആഞ്ജനേയ ടാക്കീസിലെ ആദ്യ ചിത്രം 'ഇത്തിക്കരപക്കിയായിരുന്നു. കോവിഡിനെ തുടർന്ന് അടച്ചിട്ട ടാക്കീസ് വീണ്ടും തുറന്നു കാണും മുമ്പെയാണ് ആഞ്ജനേയ സ്വാമി വിടവാങ്ങിയത്.ഭാര്യ: പരേതയായ പ്രഭാവതി. മക്കൾ: ജഗദീഷ് കുമാർ, പ്രദീപ് കുമാർ (ഇരുവരും ഗൾഫ്), ശരത് കുമാർ (വ്യാപാരി), പരേതനായ ദിനേശ് കുമാർ. മരുമക്കൾ: രജനി, സുകന്യ, സൗമ്യ, സംഗീത, സഹോദരങ്ങൾ: ഭാസ്ക്കരൻ, പരേതനായ സോമനാഥൻ.



കാസർകോട് പഴയ ബസ്സ്റ്റാന്റ് പരിസരത്ത് ടൈൽസ് പാകിയ ഫുട്പാത്തിൽ സാധനങ്ങൾ ഇറക്കി വച്ചിരിക്കുന്ന കച്ചവട സ്ഥാപനങ്ങൾ

## കാസർകോട് ടൗണിൽ ആധുനികവൽക്കരിച്ച ഫുട്പാത്തുകൾ വ്യാപാരികൾക്കു ആശ്വാസമായി; കാൽ നടയാത്രക്കാർ വിഷമത്തിൽ

കാസർകോട്: കോടികൾ ചെലവഴിച്ചു ടൗണിൽ സ്ഥാപിച്ച ഫുട്പാത്തുകൾ കച്ചവടസ്ഥാപനങ്ങൾക്കു കൂടുതൽ സൗകര്യമൊരുക്കി.കടകളുടെ ഭിത്തികളോടു ചേർന്നു ടൈൽസ് പതിച്ചു സുഖകരവും സുന്ദരവുമാക്കിയ നടപ്പാത സാധനങ്ങൾ പ്രദർശിപ്പിക്കുന്നതിനു വ്യാപാര സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നു. കാസർകോട് പഴയ ബസ്സ്റ്റാന്റ് പരിസരം മുതൽ ട്രാഫിക് ജംഗ്ഷൻ വരെ നടപ്പാതകൾ ഏതാണ്ട് ഇത്തരത്തിലായതായി യാത്രക്കാർ പറയുന്നു. കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവു ലഭിച്ചതോടെ യാത്രക്കാരുടെയും വാഹനങ്ങളുടെയും സാന്നിധ്യം സാധാരണ നിലയിൽ എത്തിയതോടെ ടൗണിൽ കാൽനടയാത്രക്കാർ നടക്കാൻ വഴിയില്ലാതെ വിഷമിക്കുകയാണ്. ലക്കും ലഗാനുമില്ലാതെ ഇരു ചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ളവ റോഡിൽ തലങ്ങും വിലങ്ങും ഗതാഗത തടസ്സമാവുമ്പോൾ കാൽ നടക്കാർ നടന്നു പോവാൻ വഴിയില്ലാതെ വിഷമിക്കുകയാണ്.

CMY